"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ, അരുമാന്നൂർ എം.വി.എച്ച്.എസ്.എസ്.-ലെ അധ്യാപിക ശ്രീമതി സ്മിത കമലാസനൻ-ന് 19/07/2024 മുതൽ 26/3/2025 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.792/2026/GEDN തീയതി,തിരുവനന്തപുരം, 28-01-2026

---

പരാമർശം:- 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.12.2025-ലെ ഇ.ടി.4/24451/2025/ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ അരുമാന്നൂർ എം.വി.എച്ച്.എസ്.എസ്.-ലെ അധ്യാപിക ശ്രീമതി സ്മിത കമലാസനൻ-ന് 19/7/2024 മുതൽ 26/3/2025 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 22/04/2021 തീയതിയിലെ ജെ1/289/2019/പൊ.വി.വ. നം. സർക്കുലറിലെ ഖണ്ഡിക (4) പ്രകാരം കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ ആവശ്യത്തിനായി എടുക്കുന്ന ശൂന്യവേതനാവധി ഫെബ്രുവരി മാസത്തെ അവസാന പ്രവർത്തി ദിവസത്തിന് ശേഷം അവസാനിക്കുന്ന പക്ഷം ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷക കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം മെഡിക്കൽ ആവശ്യത്തിനായാണ് അവധി എടുത്തിരിക്കുന്നത്. അപേക്ഷക 27/03/2025 തീയതിയിലെ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയും അന്നേ ദിവസം ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ അരുമാന്നൂർ എം.വി.എച്ച്.എസ്.എസ്.-ലെ അധ്യാപിക ശ്രീമതി സ്മിത കമലാസനൻ-ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 19/07/2024 മുതൽ 26/3/2025 വരെ പ്രസ്തുത കാലയളവ് ആർജിതാവധിക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം 1, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SWAPNA P

ജോയിന്റ് സെക്രട്ടറി

1. സ്മിത കമലാസനൻ, ഗൗരീ സ്മിതം, കാണക്കുളം, ഉച്ചക്കട പി.ഒ. തിരുവനന്തപുരം
2. ഹെഡ്മാസ്റ്റർ, എം.വി.എച്ച്.എസ്.എസ്., അരുമാനൂർ
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,
തിരുവനന്തപുരം.
5. വെബ് & ന്യൂ മീഡിയ
(പ്രസിദ്ധീകരണത്തിനായി)
6. ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 28-01-2026 13:41:00

സെക്ഷൻ ഓഫീസർ